പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2213

08.03.2017 - ൽ മറുപടിക്ക്

# സഹകരണ സംഘങ്ങളുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി.സതീഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| | സഹകരണ സംഘങ്ങളുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ? | നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സഹകരണ ചട്ടങ്ങളിലെ ചട്ടം 178 എ പ്രകാരം, ശാഖകൾ ആരംഭിക്കുന്നതിന് രജിസ്ട്രാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വേണം അപേക്ഷ സമർപ്പിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയവ ചുവടെ ചേർക്കുന്നു.<br>1) ശാഖകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥ ബൈലായിൽ ഉണ്ടായിരിക്കണം.<br>2) തുടങ്ങാനുദ്ദേശിക്കുന്ന ശാഖ ടി സംഘത്തിന്റെ പ്രവർത്തന പരിധിയ്ക്കുള്ളിലായിരിക്കണം.<br>3) പ്രാഥമിക വായ്പാ സംഘമാണെങ്കിൽ, ഓവർഡ്യുപൊസിഷൻ 25 ശതമാനത്തിൽ കുറവായിരിക്കണം.<br>4) ടി സംഘം അതേ സ്വഭാവത്തിലുള്ള മറ്റ് സംഘങ്ങളുടെ പ്രവർത്തന പരിധിയ്ക്കുള്ളിൽ പ്രവർത്തനം നടത്തുവാൻ പാടില്ല.<br>5) സഹകരണ ചട്ടം 63 (1)ൽ പറയുന്ന പ്രകാരം തരള ധനം സൂക്ഷിച്ചിരിക്കണം.<br>6) സംഘത്തിന്റെ വായ്പാ ബിസിനസ്സ് ഒരു ന്യായമായ നിലവാരത്തിൽ എത്തിയിരിക്കണം. |

| | | | |
|---|---|---|---|
| | | | 7) സംഘത്തിന്റെ സാമ്പത്തിക സ്ഥിതി, പൊതുപ്രവർത്തനം ഇവ തൃപ്തികരമായിരിക്കണം.<br>8) പ്രാഥമിക കാർഷിക വായ്പാ സംഘമാണെങ്കിൽ തൻവർഷമോ തൊട്ടുമുൻപുള്ള വർഷമോ 20 ശതമാനത്തിൽ കുറയാതെ കാർഷിക വായ്പ നൽകിയിരിക്കണം.<br>9) ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ ഇവർ സംയുക്തമായി ഒരു സർവ്വേ നടത്തി സമർപ്പിച്ച റിപ്പോർട്ടും കൂടി പരിഗണിച്ചാവും ശാഖയ്ക്ക് അനുമതി നൽകുക.<br>10) സഹകരണ ചട്ടം 178 എ പ്രകാരമുള്ള ഫീസ് ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കണം.<br>11) സംഘത്തിന്റെ സാമ്പത്തിക സ്ഥിതി, പുതുതായി വേണ്ടി വരുന്ന തസ്തികകൾക്ക് വേണ്ട ചെലവ് വഹിക്കുന്നതിനുള്ള സംഘത്തിന്റെ ശേഷി, സംഘത്തിന്റെ തൃപ്തികരമായ പ്രവർത്തനം എന്നിവ കൂടി ബോധ്യപ്പെട്ട ശേഷമാണ് ശാഖകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**